# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1652

05-12-2014 ൽ മറുപടിയ്ക്ക്

## തരിശ് നിലം കൃഷിയോഗ്യമാക്കി മാറ്റുന്ന പദ്ധതി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.വി. റ്റി. ബൽറാം<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.ജോസഫ് വാഴയ്ക്കൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തരിശ് നിലം കൃഷിയോഗ്യമാക്കി മാറ്റുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്.<br>ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 2014-15 ൽ സംസ്ഥാനത്ത്1550 ഹെക്ടർ തരിശുഭൂമിയിൽ ഹെക്ടറിന് 11,500 രൂപ സബ്സിഡി നിരക്കിൽ നെൽ കൃഷി ചെയ്യുന്നതിനുള്ള 178.25 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) മുൻ വർഷങ്ങളിൽ കൃഷി ചെയ്യാതെ തരിശായിക്കിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കി അതുവഴി കൂടുതൽ തരിശു ഭൂമി കൃഷിയോഗ്യമാക്കുവാനും, ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുവാനും അത്തരത്തിൽ നെൽകൃഷിയുടെ ആകെ വിസ്തീർണ്ണം വർദ്ധിപ്പിക്കുക വഴി സംസ്ഥാനത്ത് നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്തുകളെ തരിശുരഹിത പഞ്ചായത്താക്കി മാറ്റുകയും ചെയ്യുക എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശം. |
| (സി) പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണ്; വിശദമാക്കുമോ; | (സി) കുടുംബശ്രീ, ജനശ്രീ, സ്വാശ്രയ സംഘം, കർഷക ക്ലബ്, തരിശുഭൂമിയുടെ ഉടമകൾ എന്നിവരെ ഉൾപ്പെടുത്തിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) 2011-2012 വർഷം 14 ജില്ലകളിലുമായി ആകെ 3407 ഹെക്ടർ സ്ഥലത്ത് തരിശുനില നെൽകൃഷി നടപ്പിലാക്കാൻ സാധിച്ചു. അതിനായി 246.37 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. |

2012-2013 വർഷം ആർ.കെ.വി.വൈ കരാർ കൃഷി-തരിശ് നിലം പദ്ധതി പ്രകാരം ആകെ 1005 ഹെക്ടർ തരിശുനിലം കൃഷിയോഗ്യമാക്കുകയുണ്ടായി. പദ്ധതി നടപ്പിലാക്കുന്നതിനായി 210.75 ലക്ഷം രൂപ 14 ജില്ലകളിലുമായി ചെലവഴിക്കുകയുണ്ടായി. 13 ാമത് ഫിനാൻസ് കമ്മീഷൻ അവാർഡ് (കുട്ടനാട് പാക്കേജ്) പദ്ധതി പ്രകാരം ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലായി 368.4 ഹെക്ടർ തരിശുനിലം നെൽകൃഷിയോഗ്യ-മാക്കുകയുണ്ടായി. അതിനായി 110.52 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

2013-2014 വർഷം തരിശുനിലനെൽകൃഷി നടപ്പിലാക്കുന്നതിനായി 14 ജില്ലകളിലായി 1653.95 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറിന് 30000 രൂപ സബ്സിഡി നിരക്കിൽ 491.33 ലക്ഷംരൂപ നൽകുകയുണ്ടായി. ഇതിനു പുറമെ 2012-13 ൽ നടപ്പിലാക്കിയ തരിശുനിലകൃഷി നിലനിർത്തുന്നതിനായി 652.93 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 15000/- രൂപ സബ്സിഡി നിരക്കിൽ) 95.26 ലക്ഷം രൂപ ചെലവഴിച്ച് നെൽകൃഷി നടപ്പിലാക്കുക-യുണ്ടായി. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ കുട്ടനാട് പാക്കേജ് പദ്ധതിയനുസരിച്ച് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലായി 250 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറിന് 30000 രൂപ സബ്സിഡി നിരക്കിൽ 75 ലക്ഷം രൂപയും ചെലവഴിച്ച് പദ്ധതി നടപ്പിലാക്കുക-യുണ്ടായി.

സെക്ഷൻ ഓഫീസർ